# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 6**

---

## എം.ജിയിൽ ഓൺലൈൻ എംകോം, എംബിഎ; ഇപ്പോൾ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന ഓൺലൈൻ എംകോം, എംബിഎ പ്രോഗ്രാമുകൾക്ക് സെപ്തംബർ 15 വരെ അപേക്ഷിക്കാം. റഗുലർ ബിരുദാനന്തര പ്രോഗ്രാമുകൾക്കു തുല്യമായി യുജിസി അംഗീകരിച്ച ഈ പ്രോഗ്രാമുകൾ തൊഴിലിനും തുടർവിദ്യാഭ്യാസത്തിനുമുള്ള യോഗ്യതായി പരിഗണിക്കും.*

*വിദ്യാർഥികളുടെ സമയവും സൗകര്യവുമനുസരിച്ച് പഠസമയം ക്രമീകരിക്കുന്നതിനുള്ള സൗകര്യം, വിദഗ്ധ അധ്യാപകരുടെയും വ്യവസായ മേഖലയിലെ വിദഗ്ധരുടെയും നേതൃത്വത്തിലുള്ള ക്ലാസുകൾ, കുറഞ്ഞ പഠനച്ചിലവ് തുടങ്ങിയവ ഈ പ്രോഗ്രാമുകളുടെ പ്രത്യേകതയാണ്.*

*എല്ലാ നടപടിക്രമങ്ങളും ഓൺലൈനിൽ ക്രമീകരിച്ചിരിക്കുന്നതിനാൽ പഠനത്തിന്റെ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശായിൽ നേരിട്ട് എത്തേണ്ടതില്ല. പ്രോഗ്രാമുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ* https://cdoe.mgu.ac.in *എന്ന വെബ് സൈറ്റിൽ ലഭിക്കും.*
***ഫോൺ-8547992325, 8547852326, 8547010451, 0481 2733293, 0481 2733405***
*(പി.ആർ.ഒ/39/818/2024)*

## ഫസ്റ്റ് എയ്ഡ്, കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് പ്രോഗ്രാം

*മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ ബേസിക് ഫസ്റ്റ് എയ്ഡ് (പ്രീ ഹോസ്പിറ്റൽ മെഡിക്കൽ എമർജൻസി കെയർ- ഹാൻഡ്സ് ഓൺ ട്രെയിനിംഗ്), കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളിൽ സെപ്തംബർ 30ന് പ്രവേശനം നടത്തും.*

*പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി വിജയിച്ചവർക്കാണ് അവസരം.*

*കോഴ്സ് ഫീസ് 3200 രൂപ. താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളുമായി 30ന് വകുപ്പിൽ എത്തണം. ഫോൺ–0481–2733399, 08301000560*
*(പി.ആർ.ഒ/39/819/2024)*

## പരീക്ഷാ ഫലം

*ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ എംബിഎ (2011 മുതൽ 2014 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ് ഓഗസ്റ്റ് 2023) പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/820/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ ബിഎൽഐസി (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ സപ്ലിമെന്ററി, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പരീക്ഷകൾ സെപ്തംബർ 27മുതൽ നടക്കും. സെപ്തംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി സെപ്തംബർ 12നും സൂപ്പർ ഫൈനോടു കൂടി സെപ്തംബർ 13നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*.................*

*അഫിലിയേറ്റഡ് കോളജുകളിലെ പഞ്ചവത്സര എൽഎൽബി (ആനുവൽ സ്കീം 1984 മുതൽ 1999 വരെ അഡ്മിഷനുകൾ, സെമസ്റ്റർ സ്കീം 2000 മുതൽ 2011 വരെ അഡ്മിഷനുകൾ), ത്രിവത്സര എൽഎൽബി( ആനുവൽ സ്കീം 1983 മുതൽ 1999 വരെ അഡ്മിഷനുകൾ, സെമസ്റ്റർ സ്കീം 2000 മുതൽ 2014 വരെ അഡ്മിഷനുകൾ) അവസാനത്തെ പ്രത്യേക മെഴ്സി ചാൻസ് പരീക്ഷകൾക്ക് ഒക്ടോബർ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ 22നും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 23നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/821/2024)*

## ഗ്രാജ്വേറ്റ് സ്കൂളിൽ അസിസ്റ്റന്റ് പ്രഫസർ; വാക്–ഇൻ–ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗ്രാജ്വേറ്റ് സ്കൂളിൽ അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ സെപ്തംബർ 11 വരെ*

*നടക്കും. ഒരു വർഷത്തേക്കാണ് നിയമനം. വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സേവന കലാവധി രണ്ടു വർഷത്തേക്കു കൂടിനീട്ടിയേക്കാം. വിശദ വിവരങ്ങൾ സർവകലശാലാ വെബ്സൈറ്റിൽ*

*(പി.ആർ.ഒ/39/822/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**